(സി) സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്ഥാപിച്ച സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്തുടനീളം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്തനിവാരണ നയത്തിന് രൂപം നൽകിയിട്ടുള്ളതും സംസ്ഥാന സർക്കാർ പ്രസ്തുത ദുരന്ത നിവാരണ നയം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലുള്ള ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിന്റെ കരട് തയ്യാറാക്കി അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ഫയർ&റെസ്ക്യൂ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ - എയിഡഡ് സ്കൂളുകളിലും സുരക്ഷാക്ലബ്ബുകൾ ആരംഭിക്കുകയും വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന 31 കടവുകളിൽ തൂക്കുപാലങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കടലാക്രമണ ചുഴലിക്കൊടുങ്കാറ്റ് ഭീഷണി നേരിടുന്ന തീരപ്രദേശങ്ങളിൽ സൈക്ലോൺ മിറ്റിഗേഷൻ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനും, സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും സന്നദ്ധ സംഘടനകൾക്കും മറ്റും ആവശ്യമായ പരിശീലനം നൽകാനുള്ള പദ്ധതികളും അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ പട്ടയ വിതരണം

143(837) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി മണ്ഡലത്തിൽ ആകെ എത്ര പട്ടയം വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ :

(ബി) ട്രാംവേ പുറമ്പോക്ക്, മേച്ചിൽപുറം, റോഡ്, പുഴ, തോട്, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർ, പുളിയിലപ്പാറയിലെ നൂറോളം കുടുംബങ്ങൾ, മലയോര കർഷകർ എന്നിങ്ങനെ ചാലക്കുടി മണ്ഡലത്തിലെ വിവിധ വിഭാഗങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ :

(സി) ഓരോന്നിന്റെയും വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 319 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) ട്രാംവെ പുറമ്പോക്കിൽ താമസിക്കുന്ന കിഴക്കേ ചാലക്കുടി വില്ലേജിലെ 13 നിവാസികൾക്ക് 20-2-2011-ന് തൃശ്ശൂർ ജില്ലയിൽ നടക്കുന്ന പട്ടയമേളയിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റോഡ് പുഴ, തോട്, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് നിലവിലുള്ള നിയമമനുസരിച്ച് പതിച്ചു നൽകാനാവില്ല. പുളിയിലപ്പാറ പ്രദേശത്ത് പട്ടയം അനുവദിക്കുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടയം വിതരണം

144(838) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പട്ടയം വിതരണം പൂർത്തീകരിക്കാൻ ആകാതെ ഏതെങ്കിലും അപേക്ഷകൾ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ, കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി പട്ടയ വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ 57 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി&ഡി) കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികളും ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരമുള്ള നടപടികളും പൂർത്തീകരിക്കാത്തതിനാൽ, പല കേസുകളിലും പട്ടയം നൽകാൻ സാധിച്ചിട്ടില്ലാത്തതാണ് പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

കണ്ണൻദേവൻ ഹിൽസിൽ സമഗ്ര സർവ്വേ

145(840) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ കണ്ണൻദേവൻ ഹിൽസിൽ സമഗ്ര സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly